ബ്ലോക്ക് പഞ്ചായത്തിന്റെ സ്വയംസഹായ സംഘങ്ങളെ കുടുംബശ്രീയുമായി ലിങ്ക് ചെയ്യുവാൻ പദ്ധതി

175 (3130) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ സ്വയംസഹായ സംഘങ്ങളെ കുടുംബശ്രീയുമായി ലിങ്ക് ചെയ്യുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികൾ

176 (3131) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ 2001-02, 2002-03 വർഷത്തിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ (2001-02 ആർ.ഐ.സി.എഫ്.-7), 2002-03 (ആർ.ഐ.സി.എഫ്-8) വർഷങ്ങളിൽ ഗ്രാമീണ റോഡ് വികസന പദ്ധതികൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. എന്നാൽ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്.-5-ൽ (1999-2000) അനുവദിച്ച പനയമുട്ടം-ആറ്റിൻപുറം റോഡിന്റെ (അടങ്കൽ തുക 32.52 ലക്ഷം രൂപ) പണി പൂർത്തീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly